**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1840** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി നടത്തിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) | 10/03/2019- ലെ ജി.ഒ. (എംഎസ്.) നം. 24/2019/ ട്രാൻസ് പ്രകാരം, 'ഇലക്ട്രിക്ക് വെഹിക്കിൾ പോളിസി' (വൈദ്യുത വാഹന നയം) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, നികുതി, പെർമിറ്റ് എന്നിവയിൽ ഇളവ് അനുവദിക്കുകയും 15 വർഷം കഴിഞ്ഞ ഡീസൽ ഓട്ടോറിക്ഷകളുടെ ഉപയോഗം നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് 30,000/- രൂപ വരെ (മുപ്പതിനായിരം രൂപ മാത്രം) സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ ഡീസൽ വാഹനങ്ങളുടെ ഉപയോഗം കുറക്കുന്നതിനായി പുതിയ ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തിക്കൊണ്ടും പതിനായിരം ഇ-ഓട്ടോകൾക്ക് ഇൻസെന്റീവ് പ്രഖ്യാപിച്ചുകൊണ്ടുമുള്ള പ്രഖ്യാപനങ്ങൾ 2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ANERT, PWD എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ Solar panelled Charging Stations സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. KTDFC, KSRTC എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് Last Mile Connectivity യ്ക്കായി 30 ഇലക്ട്രിക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള നടപടിയും പുരോഗമിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്ത് എത്ര ഇലക്ട്രിക് വാഹനങ്ങളാണ് നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളത്; വാഹനങ്ങളുടെ ഇനം തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്തു 34,655 ഇലക്ട്രിക് വാഹനങ്ങളാണ് നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളത്. വാഹനങ്ങളുടെ ഇനം തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## Annexure

| Sl.No. | Vehicle Class | Electric (BOV) |
|---|---|---|
| 1 | ADAPTED VEHICLE | 31 |
| 2 | AGRICULTURAL TRACTOR | 4 |
| 3 | AMBULANCE | 1 |
| 4 | ARTICULATED VEHICLE | 4 |
| 5 | BUS | 46 |
| 6 | CRANE MOUNTED VEHICLE | 1 |
| 7 | EDUCATIONAL INSTITUTION BUS | 6 |
| 8 | E-RICKSHAW(P) | 2,342 |
| 9 | E-RICKSHAW WITH CART (G) | 358 |
| 10 | GOODS CARRIER | 65 |
| 11 | M-CYCLE/SCOOTER | 26,524 |
| 12 | M-CYCLE/SCOOTER-WITH SIDE CAR | 17 |
| 13 | MOTOR CAB | 29 |
| 14 | MOTOR CAR | 4,537 |
| 15 | MOTOR CYCLE/SCOOTER-SIDECAR(T) | 1 |
| 16 | MOTOR CYCLE/SCOOTER-USED FOR HIRE | 35 |
| 17 | MOTORISED CYCLE (CC > 25CC) | 23 |
| 18 | PRIVATE SERVICE VEHICLE | 3 |
| 19 | PRIVATE SERVICE VEHICLE (INDIVIDUAL USE) | 18 |
| 20 | ROAD ROLLER | 2 |
| 21 | THREE WHEELER (GOODS) | 138 |
| 22 | THREE WHEELER (PASSENGER) | 392 |
| 23 | THREE WHEELER (PERSONAL) | 77 |
| 24 | VEHICLE FITTED WITH COMPRESSOR | 1 |
| **Total** | | **34655** |